**കേരള സർക്കാർ**

സംഗ്രഹം

മുൻകൂർ അനുമതിയില്ലാതെ വയനാട് ജില്ലയിലുള്ള എസ്.ബി.ഐ. യുടെ കൈനാട്ടി ശാഖയിൽ പോലീസ് സൂപ്രണ്ടിന്റെ പേരിൽ ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ച നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **4339/2017/ധന.** തിരുവനന്തപുരം, തീയതി **24.05.2017**

പരാമർശം - സംസ്ഥാന പോലീസ് മേധാവിയുടെ 20.05.2017 ലെ C4(a) – 67873/2017/PHQ നമ്പരായുള്ള കത്ത്

**ഉത്തരവ്**

വയനാട് ജില്ലാ പോലീസ് മേധാവിയുടെ കീഴിലുള്ള യൂണിറ്റുകളിൽ, വാഹനങ്ങളോടിക്കുമ്പോഴുണ്ടാകുന്ന നിയമ ലംഘനങ്ങളുടെയും COTPA, MMDR, RTI മുതലായ നിയമങ്ങളുടെയും ലംഘനംമൂലം ദിവസംതോറും ലഭിക്കുന്ന പിഴ അടക്കുന്നതിനുവേണ്ടി എസ്.ബി.ഐ.യുടെ കൈനാട്ടി ബ്രാഞ്ചിൽ രണ്ട് ബാങ്ക് അക്കൗണ്ടുകൾ മുൻകൂർ അനുമതി ഇല്ലാതെ ആരംഭിച്ച നടപടി സാധൂകരിച്ച് നൽകണമെന്ന് സംസ്ഥാന പോലീസ് മേധാവി പരാമർശകത്തിലൂടെ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മുൻകൂർ അനുമതിയില്ലാതെ വയനാട് ജില്ലയിലെ എസ്.ബി.ഐ. യുടെ കൈനാട്ടി ശാഖയിൽ പോലീസ് സൂപ്രണ്ടിന്റെ പേരിൽ ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ച നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സംസ്ഥാന പോലീസ് മേധാവി, പോലീസ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ